# ശബരിമലയിലെ ശാസ്ത്രീയത

Guru Manoj KG



# ശബരിമലയിലെ ശാസ്ത്രീയത

Malayalam/Spirituality
**Dr. Rev. Manoj.K.G**

@Rights Reserved
***Cover: Dr. Rev. Manoj.K.G.***

Publishers
***Life Giving Publications, Santhi Bhavan,***
Payattuvila Post, Balaramapuram,
Trivandrum, Kerala.



## ഡോ. റവ: മനോജ്.കെ.ജി

1973 ജനുവരി 27 ന്
കുമാരദാസ് ഗ്ലോറിജോസ്‌ലറ്റ് ദമ്പതിമാരുടെ
ആദ്യമകനായി ജനിച്ചു.
കമ്പ്യൂട്ടർ സയൻസിൽ എഞ്ചിനീയറിംഗ് ബിരുദം നേടിയശേഷം
25 വർഷത്തിലധികം പ്രൊഫഷണൽ ജീവിതം.
ആത്മീയജീവിതം ആരംഭിച്ചപ്പോൾ
ആംഗ്ലിക്കൻ ചർച്ച് ഓഫ് ഇന്ത്യയുടെ പൗരോഹിത്യവും
വൈദ്യശാസ്ത്ര ഉപരിപഠനവും ഡോക്ടറേറ്റും.
ആത്മസിദ്ധി ആർജ്ജിച്ചശേഷം
സർവ്വമതഐക്യതക്കുവേണ്ടിയുള്ള പോരാട്ടവും
മതാതീതജീവിതസംസ്കാരശൈലിയും.
**ഭാര്യ** : ജോളിജോസ്
**മകൾ** : പി.ജി വിദ്യാർത്ഥിനിയായ അൻ ഐറിൻ ജോസ്‌ലറ്റ്
ഇവരോടൊപ്പം ബാംഗ്ലൂർ താമസിക്കുന്നു.

ആത്മീയപ്രബോധകൻ, പ്രയോഗികജീവിതപരിശീലകൻ,
ക്രിയാത്മകസാമൂഹികപരിഷ്കർത്താവ്,
വിവരസാങ്കേതികരംഗത്തെ സംരംഭകൻ,
കലാകാരൻ തുടങ്ങിയ നിലകളിൽ ബഹുമുഖപ്രതിഭയായി
കർമ്മനിരതനായിരിക്കുന്നു.



# ശബരിമലയുടെ പിന്നിലെ ശാസ്ത്രീയത

ശബരിമലയുടെ ശാസ്ത്രീയ സത്യം അറിയാനായി കുറച്ചധികം പുറകിലേക്ക് സഞ്ചരിച്ച് കലിയുഗവും ദ്വാപരയുഗവും പിന്നിട്ട് ത്രേതാ യുഗത്തിൻറെ അടുക്കലോളം എത്തേണ്ടിവരും. ആ കാലഘട്ടത്തിൽ തെക്കൻ ഭാരതത്തിൽ മഴയുടെ ലഭ്യത നന്നെ കുറവായിരുന്നു. അറബിക്കടലിൽ രൂപപ്പെടുന്ന നീരാവി സഞ്ചരിച്ചു ബംഗാൾ ഉൾക്കട ലിലും, അതുപോലെ ബംഗാൾ ഉൾക്കടലിൽ രൂപപ്പെടുന്ന നീരാവി അറബിക്കടലിലും എത്തി ഘനീഭവിച്ചു മഴയായി പെയ്തുകൊണ്ടിരുന്ന തിനാൽ, രണ്ട് കടലുകൾക്കും മധ്യേയുള്ള ഭൂമി ജലമില്ലാത്ത ദ്രവ്യമില്ലാത്ത ഊക്ഷരഭൂമി ആയി മാറിയിരുന്നു. ചെടികളും മരങ്ങളും ഉണങ്ങിവരണ്ടു ജീവനുതന്നെ ഭീക്ഷണിയായ അവസ്ഥയിൽ ഭൂപ്രകൃതി മാറിയതിനാൽ മനുഷ്യജീവിതം ദുസ്സഹമായിത്തീർന്നിരുന്നു.

പല ഗവേഷണങ്ങൾ നടത്തി താടകാവനത്തെ നവീകരിച്ചു ശുദ്ധീകരിച്ചു പാറപോലെ ഉറച്ചുപോയ ഭൂമിക്ക് മഴയെ (ഗംഗയെ) പ്രത്യക്ഷമാക്കി ശ്രീരാമൻ മോക്ഷം നൽകിയ, അതെ ശാസ്ത്രീയ വീക്ഷണത്തിൽ ആകൃഷ്ടനായി പരശുരാമൻ ആയുധം താഴെവച്ച് ഭാർഗ്ഗവനിലയം സൃഷ്ടിക്കാനായി ആ സമയത്താണ് കേരളത്തിൽ എത്തിയത്.

ലോകമെങ്ങുമുള്ള ജ്ഞാനികൾ പലരും ഈ ദുരവസ്ഥക്ക് പോംവഴി കണ്ടത്താനായി പരിശ്രമിച്ചു പരാജയപ്പെട്ട സ്ഥാനത്ത്, പരശുരാമൻ ആര്യസിദ്ധാന്തത്താൽ (ശ്രീരാമസിദ്ധാന്തത്താൽ) വേരൂന്നി, മഴമേഘങ്ങളുടെ സഞ്ചാരപഥത്തെ (ആകാശഗംഗ) കണ്ടെത്തി. വായുസമ്മർദ്ദം കുറഞ്ഞ ശബരിമല സ്ഥിതിചെയ്യുന്ന ആകാശവീഥിയിലൂടെ മഴമേഘങ്ങൾ സഞ്ചരിച്ചു രണ്ട് കടലുകളിലും എത്തി ഘനീഭവിച്ചാണ് കടലിൽ മഴ പെയ്തുകൊണ്ടിരുന്നത്.





ജീവലോകത്തിൻറെ എല്ലാം പ്രശ്നങ്ങളെയും പരിഹരിക്കാനായി മണ്ണിനും (ഹരൻ) വൃക്ഷ പ്രകൃതിയും (ഹരി) ചേർന്ന് ജലത്തെ അയനം ചെയ്താൽ മാത്രമേ സാധിക്കു. അതിനാൽ ജലലഭ്യതക്കായി ശ്രീധർമ്മ ശാസ്ത്രത്തിന്റെ കാവുകളായ ആര്യങ്കാവുകൾ അദ്ദേഹം സ്ഥാപിച്ചു. അതായത് കടലിൽ പെയ്യുന്ന മഴ കരയിൽ പെയ്യിക്കണം എങ്കിൽ കരയിൽ വച്ച് ഈ മഴമേഘങ്ങളെ തടഞ്ഞു നിറുത്തി ഘനീഭവിപ്പിക്കണം. അതിനുവേണ്ടി ശബരിമല സ്ഥിതിചെയ്യുന്ന പ്രദേശത്തുള്ള മലനിര കളുടെ ഉയരം താരതമ്യേന കുറവായതിനാൽ അതിൻറെ ഉയരം, മഴമേഘങ്ങളുടെ സഞ്ചാരപഥത്തോളം ഉയർത്താനായി പതിനെട്ട് മല നിരകളിലും മഹാവൃക്ഷ പ്രകൃതിയെ നട്ടുപരിപാലിച്ചു. ഇങ്ങനെ മഴ മേഘങ്ങളെ തടഞ്ഞു നിറുത്തി മഴപെയ്യിക്കുന്ന ശാസ്ത്ര വൈഭവം പരശുരാമൻ ശബരിമലയിൽ സ്ഥാപിച്ചുറപ്പിച്ചു. ഈ ശാസ്ത്ര വൈഭവം സ്ഥാപിക്കപ്പെട്ടത് തെക്കേ ഇന്ത്യയിൽ മാത്രമായതിനാലാണ് നമ്മുടെ കുഞ്ഞുങ്ങളുടെ പാഠ്യപദ്ധതികളിൽ മഴപെയ്യുന്നത് മഴമേഘങ്ങളെ മലനിരകൾ തടഞ്ഞു നിറുത്തിയിട്ടാണ് എന്നത് ഉൾപ്പെടുത്തിയിരി ക്കുന്നത്.

വെള്ളത്തിൻറെ (ശബരം) ലഭ്യതയ്ക്കായി ചെയ്തെടുത്ത പദ്ധതിയാ യതിനാൽ, തെക്കേ ഇന്ത്യയെ പഞ്ചദ്രാവിഡദേശങ്ങളാക്കി അതിൻറെ ജലപീഠമാക്കി ശബരിപീഠത്തെ പ്രതിഷ്ഠിച്ചു. അങ്ങനെ പശ്ചിമഘട്ട ത്തിൻറെ രണ്ടുവശങ്ങളിലും ഉള്ള ഭൂമിയിൽ സമൃദ്ധമായ മഴയും ഒപ്പം പശ്ചിമഘട്ടത്തിൽ നിന്നും ഉത്ഭവിച്ച പുഴകളിലൂടെ വെള്ളവും ലഭ്യമായി.

വർഷാവർഷം ഈ പതിനെട്ട് മലനിരകളിലെ മരങ്ങളുടെയും സസ്യങ്ങളു ടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി, ഈ ശാസ്ത്രവിദ്യ എല്ലാ മനുഷ്യരും അറിയാനും മരങ്ങളെ സംരക്ഷിക്കാനുമായുള്ള ഒരു ധർമ്മ കർമ്മ പദ്ധതി അദ്ദേഹം രൂപീകരിച്ചു. ഈ ശാസ്ത്രരഹസ്യത്തെ അദ്ദേഹം ഒരു പ്രതിഷഠയാക്കിയും കർമ്മപദ്ധ തികളെ വർഷംതോറും ചെയ്യാനുള്ള ആചാരാനുഷ്ഠാനങ്ങളായും സ്ഥാപിച്ചുറപ്പിച്ചു.

ഈ കർമ്മ പദ്ധതികൾക്കായി ആ ശാസ്ത്രീയസത്യങ്ങളെ മനസിലാക്കി അവിടെ എത്തുന്ന എല്ലാ മനുഷ്യരെയും അയ്യൻ എന്ന് വിളിച്ചുകൊണ്ട് അവരെ പ്രതിനിധികരിച്ച് ആ പ്രതിഷ്ഠക്ക് ശാസ്താവ് എന്ന് നാമക രണവും ചെയ്തു.





തലമുറകളുടെ ഭാവിസുരക്ഷക്കായി ഭൂമിയെ നവമാക്കാൻ കാലങ്ങളെ ഒൻപതാക്കി. അതിൽ മണ്ഡലകാലം തുടങ്ങുന്ന കാലമണ്ഡലം വൃശ്ചികം ഒന്നുമുതൽ നാല്പത്തൊന്നു ദിവസമാണ്. ഈ സമയമാണ് വനവത്കരണത്തിനും വനപരിപാലനത്തിനും ഏറ്റവും അനുയോജ്യമായ കാലമണ്ഡലം.

പശ്ചിമ ഘട്ടത്തിന്റെ രണ്ടുവശങ്ങളുടെയും മുടികളിൽ (ദക്ഷിണേന്ത്യയിലെ പഞ്ച ദ്രാവിഡ ദേശത്തിന്റെ) ജലത്തെ ജീവരസമാക്കി നിലനിറുത്താനും ജൈവവ്യവിധ്യത്തെ സമ്പന്നമാക്കാനും ഏറ്റവും അനുയോജ്യമായ കൃഷിരീതികളും അദ്ദേഹം ഗവേഷണം ചെയ്തു കണ്ടെത്തി. തമിഴ്നാട് ഉൾപ്പെടുന്ന പശ്ചിമഘട്ടത്തിൻറെ കിഴക്കുഭാഗത്ത് ഏറ്റവും അനുയോജ്യം നവധാന്യങ്ങൾ ആണെന്ന് മനസിലാക്കി ആ കൃഷികൾ ആരംഭിച്ചു. കേരളത്തിൻറെ ഭൂപ്രകൃതി അനുസരിച്ചു വെള്ളം ഒഴുകി കടലിൽ എത്തി പാഴായിപ്പോകാതെ ഭൂമിയിലേക്ക് വെള്ളം ആഴ്ന്നിറങ്ങാനായി സഹായകമാകുന്ന തെങ്ങുകൃഷിയും നെൽപ്പാടങ്ങളും ഒരുക്കി. പശ്ചിമഘട്ടത്തിൽ വനസംരക്ഷണവും, എന്നാൽ കേരളക്കരയിൽ ജലസംരക്ഷണത്തിനായി (ഭൂഗർഭജലത്തിനായി), മഴുവിനാൽ കാടുവെട്ടിത്തെളിച്ചു കല്പവൃക്ഷങ്ങളെ നട്ടുവളർത്തി.

കേരങ്ങളുടെ നാടായതുകൊണ്ടല്ല കേരങ്ങൾ നാട്ടുപരിപാലിക്കേണ്ട നാടായതുകൊണ്ടാണ് കേരളം എന്ന് നാമധേയം ചെയ്തത്.

ഈ കൃഷിഫലങ്ങളെ സംരക്ഷിക്കുന്ന കർമ്മപദ്ധതികൂടെയാണ് ശബരിമല ശാസ്ത്രീയത എന്ന് മനസിലാക്കിയിട്ടാണ് പ്രതീകാത്മകമായി ഇരുമുടികെട്ടിൽ തേങ്ങയും നവധാന്യങ്ങളും നിറച്ചുകൊണ്ട്, സസ്യ ലോകത്തിൻറെ വേരുകൾക്ക് കേടുവരാതെ നഗ്നപാദനായി പോകാനായി ചിട്ടപ്പെടുത്തിയിരിക്കുന്നത്.

ശ്രീധർമ്മകർമ്മപദ്ധതികൾക്കായി പതിനെട്ട് മലകളിലേക്കും പോകുന്ന ജനാവലികൾ മണ്ഡലകാലത്തിനൊടുവിൽ വൃക്ഷപരിപാലനം എല്ലാ മലനിരകളിലും പരിപൂർണ്ണമായി നടപ്പിലാക്കി എന്ന ഉറപ്പുവരുത്തലിന്റെ പച്ചകൊടിയാണ് മകരവിളക്ക് തെളിയിക്കൽ. എപ്പോഴാണോ മകര വിളക്ക് തെളിയിക്കുന്നത്, അപ്പോഴാണ് നാമജപത്തോടെ കരഘോഷ ത്തോടെയുള്ള ശാസ്ത്രവിശ്വാസികളുടെ മടക്കയാത്ര ആരംഭി ക്കുന്നത്.

ഒന്നോരണ്ടോ ദിവസംകൊണ്ട് ശബരിമലയിൽ മറ്റ് എന്തേലും ഉദ്ദേശവു മായി പോയി വന്നിട്ട് ഒരു കാര്യവുമില്ല, ആ കാലമണ്ഡലം മുഴുവൻ അവിടെ വൃക്ഷപരിപാലനം ചെയ്തിട്ടാണ് മടങ്ങേണ്ടത്.



കാലക്രമേണ ഈ സത്യങ്ങൾ മങ്ങിത്തുടങ്ങിയപ്പോൾ വനവത്കരണവും വനപരിപാലനവും നിലച്ചു. പലരും വനങ്ങൾ കയ്യേറി കൃഷികൾ ആരംഭിച്ചപ്പോൾ മഹാവൃക്ഷപ്രകൃതിയ്ക്ക് കോട്ടം വന്നു.

ശബരിമലയിലെ ഈ ശാസ്ത്ര സത്യം ഒരു നൈഷ്ഠിക ബ്രഹ്മചര്യ വ്യതത്താൽ കലിയുഗത്തിൽ മനസിലാക്കിയത് ശ്രീ മണികണ്ഠനാണ്. വീണ്ടും ജലലഭ്യത കുറഞ്ഞപ്പോൾ, കൽപാന്തത്തെ (ജീവലോക ത്തിൻറെ സർവ്വനാശത്തെ) തടുക്കുവാൻ, മാതൃലോകത്തെ അഥവാ ജന്തുലോകത്തെ സംരക്ഷിക്കുവാൻ ശ്രീ മണികണ്ഠൻ തയ്യാറായി. തന്റെ ജീവിതലക്ഷ്യം കേവലം ഒരു നാട്ടുരാജ്യത്തിന്റെ സംരക്ഷണ അല്ല, മറിച്ച് ഈ ലോകത്തിന്റെ തന്നെ ജീവൻറെ നിലനില്പായ ശബരത്തിന്റെ സംരക്ഷണമാണ് എന്ന് മനസിലാക്കിയ ശ്രീ മണികണ്ഠൻ ആ ദൗത്യം ഏറ്റെടുത്തു. മാതൃലോകത്തിൻറെ ഉദരസംബന്ധമായ രോഗത്തിൻറെ (ജന്തുലോകത്തിൻറെ ജീവനായുള്ള ജലത്തിന്റെ ലഭ്യത) ശമനത്തിനായി പരശുരാമന് ശേഷം ജീവിതം ഹോമിച്ച ശാസ്ത്രകാരനാണ് ശ്രീ മണികണ്ഠൻ. മരങ്ങളെയും സസ്യങ്ങളെയും തിന്നു നശിപ്പിക്കുന്ന സസ്യഭുക്കുകളായ എരുമ പോലുള്ള മൃഗങ്ങൾ പ്രവേശി ക്കാതെ വന്യമൃഗങ്ങളെ വിന്യസിപ്പിച്ചു പതിനെട്ട് മലനിരകളെയും പൂങ്കാവന മാക്കി മണികണ്ഠൻ മാറ്റി. അയ്യപ്പൻ മണികണ്ഠനല്ല, എന്നാൽ മണികണ്ഠൻ അയ്യപ്പനാണ്.



മണികണ്ഠനെപോലെ വനപരിപാലനത്തിന് ശബരിമലയിൽ പോകുന്ന ഏവരും അയ്യപ്പനാണ്. ഭൂമിയെ പാഴ്നിലം ആക്കുന്ന അന്ധവിശ്വാസങ്ങളിൽ വേരൂന്നിയ കേവലം പ്രദർശനകേന്ദ്രമല്ല ശബരിമല. നാം കാണുന്ന ഭൗതീക കർമ്മപദ്ധിതികൾ മാത്രമല്ല അവിടത്തെ ആചാരങ്ങളും അനുഷ്ഠാനങ്ങളും.

ഭാരതം ലോകനന്മക്കായി സമർപ്പിച്ച, കണ്ണും കാതും തുറന്നിരിക്കുന്ന ശാസ്ത്രമെന്ന വിഗ്രഹത്തെ വിലയം പ്രാപിക്കാൻ സകല മനുഷ്യരുടെയും ബുദ്ധി പ്രകാശികട്ടെ! കോവിൽ തീർക്കുന്ന ദിവ്യദ്രവ്യങ്ങളുടെ ശാസ്ത്രനിലയമായി ഈ ഭൂമി നമ്മുടെ ആഗ്രഹങ്ങൾക്ക് വർണ്ണങ്ങൾ ഏകട്ടെ! ജാതിമത രാഷ്ട്രീയ ചിന്തകൾക്കപ്പുറത്ത്, കോവിലുകൾ ശ്രീധർമ്മശാസ്ത്ര പദ്ധതികളുടെ സുദർശനകേന്ദ്രങ്ങളായി ഉയർന്നു പരിലസിക്കട്ടെ!

